QP CODE: 18103749

18103749

Reg No : .....................

Name : SHAHARSHAN

# B A DEGREE (CBCS)EXAMINATION, DECEMBER 2018

## First Semester

## Common Course II - ML1CCT07 - MALAYALAM-KADHA NOVEL

(For Model II BA Programmes)

2018 Admission only

A56C0511

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. 'താൻ കാരണം മതാചാരങ്ങൾ അവളെ കൊന്നുകളഞ്ഞു . അവളെ ഇനി ജീവിപ്പിക്കാൻ ആരാലും സാധ്യമല്ല" കാരണമെന്ത്?
2. "എനിക്കാഭാഷ അറിയില്ല, എന്നിട്ടും ഞാൻ മനസിലാക്കുന്നു. കാരണം ഞാൻ നിങ്ങളുടെ ബാക്കിയാണ്". സന്ദർഭമേത്?
3. "നാട്ടുവിശേഷങ്ങൾ പറഞ്ഞാൽ അത് അങ്ങാടിയിൽ വാങ്ങാനാകാവുന്ന ആടലോടക കഷായമാണോ എന്ന് ചോദിക്കുന്ന വകതിരിവേയുള്ളു" ആരെക്കുറിച്ചാണ് ഇവിടെ പരാമർശം ? എന്തുകൊണ്ട്?
4. പാപ്പച്ചിയുടെ വീടിനോടടുത്ത കവലയിൽ പ്രധിഷേധ മഹായോഗം വിളിച്ചുകൂട്ടിയതെന്തിനായിരുന്നു?
5. കെട്ടിടങ്ങൾക്കപ്പുറം മറഞ്ഞുകിടക്കുന്ന എന്റെ കടൽ, എന്റെ കാഴ്ചകൾ - ഇതിലടങ്ങിയിരിക്കുന്ന പൊരുളെന്ത്?
6. മുകളിൽ നിന്നെറിയുന്ന കടലാസുപൊതികൾ ആർത്തിയോടെ തുറന്നുനോക്കി. സൂചിതമെന്ത്?
7. ഞങ്ങൾ സ്തബ്ധരായി ഇരുന്നു. അങ്ങനെയിരിക്കെ വിറയലാർന്ന ഒരു ശബ്ദം, ഒരു തേങ്ങൽ - ആരുടെയായിരുന്നു? തേങ്ങലിന്റെ കാരണമെന്ത് ?
8. "പ്രണയം ഒരിക്കൽ തികവ് പ്രാപിച്ചാൽ ഒരുവനെ വീണ്ടും വീണ്ടും പ്രണയിക്കാൻ തോന്നില്ല" സന്ദർഭം ഏത്?
9. "എന്റെ പ്രണയാഭ്യർത്ഥനകളെ വിഡ്ഢിത്തൊപ്പിവച്ച ഒരു കുള്ളൻ തമാശയായേ അവൾ എണ്ണിയുള്ളു". കാരണമെന്ത്?
10. "ആ വരാൽമേനികളിൽ നോക്കി, ഒക്കെ പെണ്ണുങ്ങളാകും, ആ നിസ്സഹായമായ കെടപ്പ് കണ്ടില്ലേ എന്ന് വല്യമ്മ പറഞ്ഞത് തികച്ചും അപ്രതീക്ഷിതം" ഇതിൽ അടങ്ങിയിരിക്കുന്ന ധ്വനിയെന്ത്?
11. "മനോഹരമായ ഒരുദ്യാനം കണ്ടതുപോലെ അയാൾ സാവേശം പ്രസ്താവിച്ചു -ആര് ? സന്ദർഭമേത് ?
12. "ഉപമകൾ വളരെ തോന്നും .....വെളുപ്പിന് നാലരമണിക്കുള്ള വണ്ടിക്കു എന്റെ കൂടെ വരണം" നോവലിന്റെ കഥാഗതിയിൽ ഈ വാക്യത്തിനുള്ള പ്രാധാന്യമെന്ത് ?

(10×2=20)



Turn Over

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. ഭാരതീയ ദർശനങ്ങളും വൈദേശികദർശനങ്ങളും സമരസപ്പെടുത്തുന്ന കഥാകാരനാണ് കാക്കനാടൻ -ശരിയോ ?
14. യു എ ഖാദറെ പരിചയപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
15. ദൂരക്കാഴ്ചകൾ എന്ന കഥയിലെ പ്രമേയം എന്ത്? വിശദീകരിക്കുക.
16. ഉദ്യോഗസ്ഥനായ അച്ഛന്റെ വരവ് വേവലാതിയോടെ ഏറ്റുവാങ്ങുന്ന മക്കൾ. ഈ സന്ദർഭത്തിൽ സി .വി ബാലകൃഷ്ണന്റെ ആവിഷ്ക്കാരരീതി വിലയിരുത്തുക .
17. "ഹോസ്പിറ്റലിൽനിന്നു മടങ്ങുന്നതോടുകൂടി നമ്മൾ ആ കഥയെ മറന്നു പോകുമത്രേ". ഈ വാക്യങ്ങളിലെ അന്തഃസത്ത കഥയിൽ സ്വാധീനിച്ചിട്ടുണ്ട് .വിശദമാക്കുക.
18. ഉത്തരാധുനികത പ്രവണത "എം.ടി.പി" എന്ന കഥയിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്? വിശദീകരിക്കുക.
19. "ഇത്രേം പൊരുത്തം ചേർന്ന ജാതകങ്ങള് ന്റെ ജീവിതത്തില് കണ്ടിറ്റില്യാന്നു. ഭാവീല് ഒരു പ്രശ്നോണ്ടാവില്യാന്നു ഒറപ്പ് നന്നെടുക്കാണ്" -സന്ദർഭമെഴുതി വിശദീകരിക്കുക ?
20. അന്നൊക്കെ അപ്പച്ചൻ അപ്പച്ചനായിരുന്നു ,ഈ അഭിപ്രായത്തിന്റെ സാംഗത്യം എന്ത്?
21. അങ്ങനെ പത്തിരുപതു വയസ്സാകുമ്പോൾ, എല്ലാ മതങ്ങളിലും വെച്ച് അവർക്കു ഹൃദ്യമായതു സ്വീകരിക്കട്ടെ ---സന്ദർഭമെഴുതി വിശദീകരിക്കുക.

(6×5=3

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. പ്രമേയം കൊണ്ടും ആവിഷ്കാരത്തിന്റെ കലാത്മകതകൊണ്ടും ശ്രദ്ധേയമാണ് വൈശാഖന്റെ 'നിഴൽയുദ്ധം' എന്ന കഥ -വിലയിരുത്തുക.
23. ഉത്തരാധുനികത എന്നാൽ എന്ത്? മലയാളചെറുകഥാ പ്രസ്ഥാനത്തിൽ ഉത്തരാധുനികതയുടെ സാന്നിധ്യം അടയാളപ്പെടുത്തുക?
24. സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന അവഗണനയുടെയും, പരിഗണനയുടെയും ഒത്തുതീർപ്പുകൾ അഷിത എന്ന കഥാകാരി അവതരിപ്പിക്കുന്നതെങ്ങനെ? വിശദമാക്കുക.
25. ശുദ്ധവും, അകൃത്രിമവുമായ കലാവാസന അവശേഷിക്കുന്നിടത്തോളം, ബഷീർ, സാഹിത്യത്തിലെ ഗണനീയനായ ഒരു ഉപശക്തിതന്നെയായിരിക്കും-വിമർശനാത്മകമായി വിലയിരുത്തുക.

(2×15=3